ടികൾ വനംവകുപ്പ് തുടങ്ങിയിരിക്കുന്നത്. പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കാൻ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ കൂടുതൽ കാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗത്തിന് എന്തെങ്കിലും ചർച്ചചെയ്യാനും തീരുമാനം എടുക്കാനും ഉണ്ടെങ്കിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുമായി എന്റെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്യാവുന്നതും അക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(10) തഴവ ഗേൾസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം

ശ്രീ. ടി. നാണുമാസ്റ്റർ : സർ, അദ്ധ്യയന വർഷം ആരംഭിച്ചിട്ട് രണ്ടു മൂന്നു മാസത്തോളമായി. എന്നാൽ നമ്മുടെ മിക്ക ഗവൺമെന്റ് സ്കൂളുകളിലും മിക്ക വിഷയങ്ങൾക്കും അദ്ധ്യാപകരെ പൂർണ്ണമായും നിയമിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ പലയിടത്തും സമരം നടക്കുന്നുണ്ട്. തഴവ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ ഹിന്ദി, മലയാളം, സയൻസ് എന്നീ വിഷയങ്ങൾക്ക് അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. അദ്ധ്യാപകർ ഇല്ലെന്ന് പറഞ്ഞുകൊണ്ട് അവിടത്തെ വിദ്യാർത്ഥികൾ രണ്ടാഴ്ചക്കാലമായി സമരത്തിലായിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കാനുള്ള സാദ്ധ്യത ഉണ്ട്; അദ്ധ്യാപകരെ ലഭ്യവുമാണ്. തഴവ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ സമരം അവസാനിപ്പിക്കുന്നതിനും ഒഴിവുള്ള പോസ്റ്റുകളിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം സുഗമമായി നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഹിന്ദി അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ടെന്നും ഈ മാസം 17-ാം തീയതി അവരുടെ ഇന്റർവ്യൂ നടത്തുന്നതാണെന്നും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 19-ാം തീയതി തന്നെ അവർക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കത്തക്കവണ്ണം ഹിന്ദി അദ്ധ്യാപകരെ നിയമിക്കുന്നതാണ്. അതുപോലെതന്നെ ഒരു മലയാളം എച്ച്.എസ്.എ. യെ 17-ാം തീയതി ഇന്റർവ്യൂ നടത്തി 19-ാം തീയതി നിയമിക്കുന്നതാണ്. ഒരു പി.ഡി. ടീച്ചർ ഹെഡ്മാസ്റ്ററായി പ്രൊമോട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് ഒഴിവുവന്നിട്ടുണ്ട്. ഈ മാസം തന്നെ എല്ലാ ഒഴിവുകളും നികത്തുന്നതാണ്.

(11) സമാന്തര സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുവാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം.

ശ്രീ. ഇ.എം. അഗസ്തി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഒന്നു ശ്രദ്ധിക്കണമെന്ന അഭ്യർത്ഥനയോടുകൂടിയാണ് ഞാൻ തുടങ്ങുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സമാന്തരമായി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പോകുന്നുവെന്ന് അറിയുന്നു. ഈ സഹകരണ സ്ഥാപനങ്ങൾക്ക് പറയുന്ന പേര് നാഷണൽ യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നാണ് നാഷണൽ യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ജില്ല

LIBRARY ARCHIVES Kerala Legislative Assembly